പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6838. 13.07. 2012-ൽ മറുപടിയ്ക്ക്

## സർക്കാർ ആശുപത്രികളിൽ പി.എം.ആർ. യൂണിറ്റ് ആരംഭിക്കുവാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം ജില്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലുമാണ് പി.എം.ആർ. യൂണിറ്റ് നിലവിലില്ലാത്തത്; | (എ) | സംസ്ഥാനത്ത് എല്ലാ ജില്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലും പി.എം.ആർ. യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത സർക്കാർ ആശുപത്രികളിൽ പി. എം. ആർ. യൂണിറ്റ് ആരംഭിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (സി) | ചില സർക്കാർ ആശുപത്രികളിൽ പി. എം. ആർ. വിഭാഗത്തിൽ ഫിസിയോ തെറാപ്പിസ്റ്റ് തസ്തിക നിലവിലില്ലാത്തതിനാൽ രോഗികൾക്ക് ചികിത്സാ സൗകര്യം ലഭ്യമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) യും (ഡി) യും | പി. എം. ആർ. യൂണിറ്റുകൾ നിലവിലുള്ള എല്ലാ സ്ഥാപനങ്ങളിലും ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്. ഫിസിയോതെറാപ്പിസ്റ്റുകളുടെ കൂടുതലായുള്ള ആവശ്യം ആശുപത്രി വികസന സമിതി വഴി ഫിസിയോ തെറാപ്പിസ്റ്റിനെ നിയമിച്ച് പരിഹരിക്കുന്നുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ, ഇതിന് എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | | |

| | | | |
|---|---|---|---|
| (ഇ) | മലയോര ജില്ലകളിലെ ജില്ലാ/ജനറൽ ആശുപത്രികളിൽ ഫിസിയോ തെറാപ്പിസ്റ്റ് തസ്തിക സൃഷ്ടിച്ച് പി. എം. ആർ. യൂണിറ്റ് കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | നിർദ്ദേശം ലഭിയ്ക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിയ്ക്കുന്നതാണ്. |

B.V.Kumar

**സെക്ഷൻ ഓഫീസർ**